പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 565 | 27.09.2011 - ലെ മറുപടിക്ക്

## പുതിയ നഗരസഭകളെ സഹായിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ.അസീസ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) അവസാനമായി രൂപംകൊണ്ട തൃശ്ശൂർ, കൊല്ലം, എന്നീ നഗരസഭകൾ അനുഭവിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടിന് പരിഹാരം കണ്ടെത്തുമോ ; | (എ) നടപ്പ് സാമ്പത്തികവർഷം കൊല്ലം നഗരസഭയ്ക്ക് വികസന ചെലവുകൾക്കായി 29.96 കോടി രൂപയുടെ ബജറ്റ് വിഹിതവും പരമ്പരാഗത ചെലവുകൾക്കും സംരക്ഷണ ചെലവുകൾക്കുമായി 15.14 കോടി രൂപയുടെ ബജറ്റ് വിഹിതവും ഉണ്ട്. തൃശ്ശൂർ നഗരസഭയ്ക്ക് വികസന ചെലവുകൾക്കായി 21.91 കോടി രൂപയുടെ ബജറ്റ് വിഹിതവും പരമ്പരാഗത ചെലവുകൾക്കും സംരക്ഷണ ചെലവുകൾക്കുമായി 13.65 കോടി രൂപയുടെ ബജറ്റ് വിഹിതവും ഉണ്ട്.<br>സംസ്ഥാന ധനകാര്യ കമ്മിഷൻ ശുപാർശ ചെയ്തിട്ടുള്ള തുക നഗരസഭകൾക്ക് അനുവദിച്ചു വരുന്നുണ്ട്. |
| (ബി) കൊല്ലം നഗരസഭയുടെ അവതാളത്തിലായ മാലിന്യ നിർമ്മാർജ്ജന പദ്ധതി പുനരാരംഭിക്കാൻ നടപടി കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ ? | (ബി) കെ.എസ്.യു.ഡി.പി.യുമായി ബന്ധപ്പെട്ട് നിർമ്മിച്ചിട്ടുള്ള മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ